പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3191 — 13/03/2017 ൽ മറുപടിക്ക്

## തെരുവു നായ്ക്കളുടെ ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ശശി | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും നേരെ തെരുവു നായ്ക്കളുടെ ആക്രമണമുണ്ടാകുന്നത് നാൾക്കുനാൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; | എ) കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ 2016-17 വർഷം എത്ര പേർക്ക് കടിയേറ്റു, എത്രപേർ മരണപ്പെട്ടു,എത്രപേർ ചികിത്സ ലഭ്യമാകാതെയും ചികിത്സാ പിഴവും മൂലവും മരണപ്പെട്ടു എന്നും വ്യക്തമാക്കാമോ; | ബി) ഈ കാലയളവിൽ 12867 പേർക്ക് തെരുവു നായ്ക്കളുടെ ആക്രമണത്തിൽ പരിക്ക് പറ്റിയിട്ടുള്ളതായും 5 പേർ മരണപ്പെട്ടിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചികിത്സ ലഭ്യമാകാതെയും ചികിത്സ പിഴവു മൂലവും ആരും മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| സി) തെരുവുനായ നിയന്ത്രണത്തിനായി കഴിഞ്ഞ മൂന്നുവർഷമായി ഓരോ വർഷവും എന്തു നടപടികൾ സ്വീകരിച്ചു; എത്ര തുക ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ; | സി) ഗ്രാമ പഞ്ചായത്ത് തലത്തിൽ ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള മോണിറ്ററിംഗ് സമിതികൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.<br>2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകമായ പദ്ധതികൾ ആവിഷ്കരിക്കുക.<br>3. തെരുവുനായകളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിന് വേണ്ടി അവയെ നിശ്ചിത ദിവസത്തേയ്ക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേയ്ക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.<br>4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരുടെ |

സേവനം ലഭ്യമാകാത്ത ഗ്രാമ പഞ്ചായത്തു കളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. മൃഗക്ഷേമ സംഘടനകൾ ഗ്രാമപഞ്ചായത്തു കളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

6. 1998 ലെ കേരള പഞ്ചായത്ത് രാജ് (പട്ടികൾക്കും പന്നികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വളർത്തു-നായകൾക്ക് ലൈസൻസ് നൽകുന്നതിന് മതിയായ പരസ്യം നൽകി നടപടി ഉറപ്പുവരുത്തുക.

7. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൽ വകുപ്പുകളുടെ ലംഘനമായതിനാൽ മാലിന്യം നിക്ഷേപിക്കുന്ന-വർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

8. എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 14,60,60,148/- രൂപ വകയിരുത്തുകയും 1,03,76,754/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നഗരസഭകൾ ടി പദ്ധതിക്കായി 9,52,31,554/- രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വന്തം നിലയ്ക്കും, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ജില്ലാ പഞ്ചായത്തുമായി ചേർന്നും ടി പദ്ധതി നടപ്പാക്കി വരുന്നുണ്ട്. മറ്റു നഗരസഭകൾ ജില്ലാ പഞ്ചായത്തുമായി സഹകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, നെടുമങ്ങാട്, ഒറ്റപ്പാലം, മൂവാറ്റുപുഴ, ചേർത്തല, പാലക്കാട്, കോട്ടയം, നോർത്ത് പറവൂർ, വൈക്കം, പാലാ, സൗത്ത് പരവൂർ, കാസർഗോഡ്, ചങ്ങനാശ്ശേരി, പെരുമ്പാവൂർ, ആറ്റിങ്ങൽ, തൃക്കാക്കര, നെയ്യാറ്റിൻകര, പരപ്പനങ്ങാടി എന്നീ നഗരസഭകളിൽ ABC പ്രോഗ്രാം ആരംഭിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

കൊടുവള്ളി, കൊയിലാണ്ടി, കൊണ്ടോട്ടി, പാനൂർ, പയ്യന്നൂർ, ആലപ്പുഴ, ആന്തൂർ, ചാലക്കുടി, ഇരിട്ടി, കൊടുങ്ങല്ലൂർ, കൂത്തുപറമ്പ്, മലപ്പുറം, രാമനാട്ടുകര, ശ്രീകണ്ഠാപുരം, ചെർപ്പുളശ്ശേരി, കാഞ്ഞങ്ങാട്, പിറവം, അങ്കമാലി, ചാവക്കാട്, ചിറ്റൂർ- തത്തമംഗലം, കട്ടപ്പന, മാവേലിക്കര, നീലേശ്വരം എന്നീ നഗരസഭകളുടെ പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാക്കി നഗരസഭകളിലൊക്കെ ABC പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട് ABC പദ്ധതി നഗരസഭാ പ്രദേശങ്ങളിൽ നടപ്പാക്കിയതിന്റെ ഫലമായി ഏകദേശം 11234 നായകൾക്ക് വന്ധ്യംകരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

ഡി) തെരുവുനായ ആക്രമണങ്ങളിൽ മരണപ്പെട്ടവർക്ക് (കഴിഞ്ഞ മൂന്ന വർഷത്തേത് വർഷം തിരിച്ച്) എന്തു സഹായം നല്കി; വിശദാംശം ലഭ്യമാക്കാമോ;

ഡി) ബഹു. സുപ്രീം കോടതിയുടെ WP(c) 599/15-ാം നമ്പർ കേസിലെ 05/04/2016 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരുവ്നായ്ക്കളുടെ ആക്രമണത്തിൽ മരണം സംഭവിച്ച ശ്രീമതി. ഡോളിയുടെ ഭർത്താവിന് (കോട്ടയം ജില്ല) 40,000/- രൂപ നഗരകാര്യ വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇ) തെരുവുനായയുടെ കടിയേറ്റവരിൽ എത്രപേർക്ക് 2015-16, 2016-17 കാലയളവിൽ സൗജന്യ ചികിത്സാ സഹായം നൽകിയെന്നും ഇതിനായി വകുപ്പിന് എത്ര തുക ചെലവായിയെന്നും അറിയിക്കുമോ; തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ ഫലപ്രദമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചു?

ഇ) തെരുവ്നായ ആക്രമണത്തിൽ പരിക്കേറ്റവർക്ക് തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട, ഇലകമൺ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 3,000/- രൂപയും തൃശ്ശൂർ ജില്ലയിൽ ചാഴൂർ, കൊണ്ടാഴി ഗ്രാമപഞ്ചായത്തുകളിൽ നിന്നും 3,650/- രൂപയും പാലക്കാട് ജില്ലയിൽ 23 പേർക്കും മലപ്പുറം ജില്ലയിലെ വട്ടംകുളം, വാഴയൂർ, എടക്കര എന്നീ ഗ്രാമപഞ്ചായത്തിൽ നിന്ന് 43 പേർക്കും വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ നിന്നും ഒരാൾക്കും അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിലെ സംവിധാനം ഫലപ്രദമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ